# തൗഹീദിന്റെ വാക്താക്കൾക്കാണ് ശഫാഅത്ത്

**ഗ്രന്ഥകർത്താവ്:** ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ
**അവലംബ ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** അബ്ദുൽ ജബ്ബാർ അബ്ദുല്ല

عن أَبِي هريرةَ ﷺ أنه قَالَ: قُلْت: يا رسولَ الله من أسعد الناسِ بِشفَاعتك يوم الْقيامة؟ قَالَ: من قَالَ لَا إِله إِلا الله خالصا من قَلْبِه أَو نفْسِه

അബൂ ഹുറെയ്റ ﷺ വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ, ക്വിയാമത്ത് നാളിൽ താങ്കളുടെ ശഫാഅത്ത് ലഭിക്കുന്ന അതിഭാഗ്യവാൻ ജനങ്ങളിൽ ആരാണ്? അദ്ദേഹം പറഞ്ഞു: "തന്റെ ഖൽബിൽ നിന്നും നിഷ്കളങ്കതയോടെ **لَا إِله إِلا الله** പറഞ്ഞവൻ ആരാണോ അവൻ" (ബുഖാരി: 99, 2570)

عن أَبِي هريرةَ ﷺ أن رسولَ اللهِ ﷺ قَالَ: شفاعتي لمن شهد أن لا إله إلا الله مخلصا، وأن محمدا رسـول الله يصدق لسانه قلبه وقلبه لسانه»

അബൂ ഹുറെയ്റ ﷺ വിൽ നിന്നും നിവേദനം: നിശ്ചയം അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "നിഷ്കളങ്കനായി

لاَ إِلَه إِلا اللِه ، محمد رسولُ اللِه

എന്ന് സാക്ഷ്യം വഹിച്ചവർക്കാണ് എന്റെ ശഫാഅത്ത്; അവന്റെ നാവ് അവന്റെ ഹൃദയത്തേയും അവന്റെ ഹൃദയം അവന്റെ നാവിനേയും സത്യപ്പെടുത്തിയിരിക്കണം" (ഇബ്നുഹിബ്ബാൻ: 6466)

عن أَبِي هريرةَ ﷺ قَالَ: قَالَ رسولُ الله ﷺ لكُل نبِي دعوةٌ مستجابةٌ ، فَتعجلَ كُل نبِي دعوته ، وإِنـي اختبأْت دعوتي شفَاعةً لأُمتي يوم الْقيامة فَهِي نائلَةٌ إِنْ شاءَ الله من مات من أُمتي لَا يشرِك بِالله شيئًا

അബൂഹുറെയ്റ ﷺ വിൽനിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "എല്ലാ നബിമാർക്കും ഉത്തരം നൽകപ്പെടുന്ന ഒരു പ്രാർത്ഥനയുണ്ട്. എല്ലാ നബിമാരും അവരുടെ പ്രാർത്ഥനയിൽ ധൃതികാണിച്ചു (ദുനിയാവിൽതന്നെ പ്രാർത്ഥിച്ചു) തീർച്ചയായും ഞാൻ എന്റെ പ്രാർത്ഥന എന്റെ ഉമ്മത്തികൾക്ക് ശഫാഅത്തിനുവേണ്ടി പാത്തുവെച്ചു. അല്ലാഹുവിൽ യാതൊന്നും പങ്കുചേർക്കാതെ എന്റെ ഉമ്മത്തിൽനിന്ന് ആരാണോ മരണപ്പെടുന്നത് അവന്ന് അത് ലഭിക്കുന്നതാണ് "(ബുഖാരി)

عن عوف بنِ مالك الْأشجعي ﷺ قَالَ: قَالَ رسولُ الله ﷺ أَتانِي آت من عند ربي ، فَخيرنِي بـين أَنْ يدخلَ نِصف أُمتي الْجنةَ وبين الشفَاعة فَاخترت الشفَاعةَ وهي لمن مات لَا يشرِك بِالله شيئًا

ഔഫ് ഇബ്നു മാലിക്ﷺവിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിട്ടുണ്ട്, ''എന്റെ റബ്ബിന്റെ അടുക്കൽ നിന്നും ഒരാൾ എന്റെ അടുക്കൽ വന്നു. എന്നിട്ട് എന്റെ ഉമ്മത്തിൽനിന്ന് പകുതിപേരെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കുന്നതിന്റേയും ശഫാഅത്തിന്റേയും ഇടയിൽ (ഏതാണ് വേണ്ടതെന്ന്) തെരെഞ്ഞെടുക്കുവാനുള്ള അവസരം എനിക്ക് നൽകി. അപ്പോൾ ഞാൻ ശഫാഅത്തിനെ തെരെഞ്ഞെടുത്തു, അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാതെ മരണപ്പെടുന്നത് ആരാണോ അത് (ശഫാഅത്ത്) അവനുള്ളതാണ്.'' (തിർമുദി 2441)